

കേരള സർക്കാർ

**പിണറായി വിജയൻ**
**മുഖ്യമന്ത്രി**

**സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം-695 001**

നം.437/പ്രസ്/സി.എം.ഒ/2020. ജൂൺ 12, 2020

## <u>സന്ദേശം</u>

ഗുണനിലവാരമുള്ള കുടിവെള്ളം തടസ്സങ്ങളില്ലാതെ ലഭിക്കുകയെന്നത് ജനങ്ങളുടെ അവകാശമാണ്. ഈ അവകാശം സാക്ഷാത്കരിക്കുന്ന കാര്യത്തിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ വഴി ജനപങ്കാളിത്തത്തോടെ 52.85 ലക്ഷം വീടുകളിൽ പൈപ്പി ലൂടെ കുടിവെള്ളം ലഭ്യമാക്കാനുള്ള പദ്ധതിക്ക് തുടക്കം കുറിക്കുകയാണ്. എല്ലാ കുടുംബങ്ങൾക്കും അടച്ചുറപ്പുള്ള സ്വന്തം ഭവനം എന്ന ലക്ഷ്യം സഫലമാകുന്ന ഘട്ടത്തിലാണ് ഗ്രാമീണമേഖലയിലെ മുഴുവൻ വീടുകളിലും പൈപ്പിലൂടെ ശുദ്ധജലം എത്തിക്കുന്ന ജൽജീവൻ പദ്ധതിയ്ക്കും സർക്കാർ തുടക്കമിടുന്നത്.

ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, ഹരിതകേരളം തുടങ്ങിയ പദ്ധതികൾ പോലെ ജനകീയ പങ്കാളിത്തത്തോടെ ആരംഭിക്കുന്ന ജൽജീവൻ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ ഈ കൈപ്പുസ്തകം ഉപകരിക്കുമെന്ന് കരുതുന്നു.

ഭാവുകങ്ങൾ നേരുന്നു.

**പിണറായി വിജയൻ**